# പതിമൂന്നാം കേരളനിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6799 | 10/07/2014-ൽ മറുപടിക്ക്

## കെ.എസ്.ഡി.പി.യിൽ നിന്നും മരുന്നുകൾ വാങ്ങാൻ നടപടി

**ചോദ്യം**

ശ്രീ. ജി. സുധാകരൻ

**മറുപടി**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ഡി.പി. ഉല്പാദിപ്പിക്കുന്ന മരുന്നുകൾ ഒരു നിശ്ചിത വിലയ്ക്ക് വാങ്ങുന്നതിന് സർക്കാർ ഉത്തരവിറക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (എ) | കെ.എസ്.ഡി.പി. ഉൽപ്പാദിപ്പിക്കുന്ന മരുന്നുകൾ ഒരു നിശ്ചിത വിലയ്ക്ക് വാങ്ങുന്നതിന് സർക്കാർ ഉത്തരവിറക്കിയിട്ടില്ല. എന്നാൽ 35 ഇനം മരുന്നുകൾ കെ.എസ്.ഡി.പി.യ്ക്ക് സംവരണം ചെയ്യണമെന്ന് നിർദ്ദേശിച്ചുകൊണ്ടും ടെണ്ടർ വ്യവസ്ഥകളിലും, ജി.എം.പി. സർട്ടിഫിക്കറ്റ് നിബന്ധനയിലും, സ്റ്റോർ പർച്ചേസ് വ്യവസ്ഥകളിലും ഇളവുകൾ നൽകണമെന്നും നിഷ്കർഷിച്ചുകൊണ്ട് 15.05.2008 ന് സർക്കാർ ഉത്തരവ് സ. ഉ.(കൈ) നം.154/2008/ആ.കു.വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം 17.05.2008 ൽ കൂടിയ കമ്മറ്റിയുടെ മിനിട്ട്സ് പ്രകാരം കെ.എസ്.ഡി.പി. സ്വയം പര്യാപ്തത കൈവരിക്കുന്ന 5 വർഷക്കാലത്തേയ്ക്കാണ് കെ.എസ്.ഡി.പി.യിൽ നിന്നും ഇപ്രകാരം മരുന്നു സംഭരിക്കുന്നതിനായി വ്യവസ്ഥ ചെയ്യപ്പെട്ടിരിക്കുന്നത്. നിലവിൽ 5 വർഷ കാലാവധി കഴിഞ്ഞിട്ടുണ്ട്കെ.എസ്.ഡി.പി.യുടെ ആന്റിബയോട്ടിക് മരുന്നുകൾ ഉൽപ്പാദിപ്പിക്കുന്ന ബീറ്റാ ലാക്ടം പ്ലാന്റിനു മാത്രമേ ജി.എം.പി. (Good Manufacturing Practice) സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുള്ളൂ എങ്കിലും സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ഡി.പി.യിൽനിന്നും മറ്റു മരുന്നുകളും കോർപ്പറേഷൻ സംഭരിച്ചു വിതരണം ചെയതു വരുന്നുണ്ട്. |
| (ബി) | മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ആവശ്യപ്പെട്ടതനുസരിച്ച് കെ.എസ്.ഡി.പി. അയച്ച മരുന്നുകൾ തിരിച്ചയച്ചതിന്റെ കാരണം വ്യക്തമാക്കുമോ ; | (ബി) | കോർപ്പറേഷന്റെ പർച്ചേസ് ഓർഡറിൽ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ചു സപ്ലൈ ചെയ്ത മരുന്നുകളൊന്നും തന്നെ തിരിച്ചയച്ചിട്ടില്ല. മാനദണ്ഡങ്ങൾ പാലിക്കാതെ സപ്ലൈ ചെയ്യുന്ന മരുന്നുകൾ കോർപ്പറേഷന്റെ വെയർ ഹൗസുകളിൽ സ്വീകരിക്കാറില്ല. 2014-15 സാമ്പത്തിക വർഷം കെ.എസ്.ഡി.പി. സപ്ലൈ ചെയ്ത Frusemide Tablet 40mg (Batch No. H62042) ഡ്രഗ്സ് കൺട്രോൾ വകുപ്പു പരിശോധന നടത്തി ഗുണനിലവാരമില്ലെന്ന് കണ്ടെത്തിയതും സപ്ലൈ ചെയ്യാൻ പാടില്ലെന്ന് നിഷ്ക്കർഷിച്ചിട്ടുള്ളതുമാണ്. ഗുണനിലവാരമില്ലാത്ത മരുന്നുകൾ സപ്ലൈ ചെയ്യുന്നത് Drugs and Cosmetics Act പ്രകാരം കുറ്റകരമാണ്. 2014 -15 സാമ്പത്തിക |

| | | | |
|---|---|---|---|
| | | | വർഷത്തെ കോർപ്പറേഷന്റെ ടെണ്ടർ വ്യവസ്ഥ പ്രകാരം കോർപ്പറേഷന് നൽകുന്ന മരുന്നുകൾക്ക് കുറഞ്ഞത് 85% കാലാവധി (ഷെൽഫ് ലൈഫ്) ഉണ്ടായിരിക്കണമെന്നും, നൽകുന്ന മരുന്നുകളുടെ ഓരോ ബാച്ചും എൻ.എ.ബി.എൽ അക്രഡിറ്റേഷൻ ഉള്ള ലാബിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പു വരുത്തിയ സർട്ടിഫിക്കറ്റുകൾ നൽകണമെന്നും നിഷ്ക്കർഷിച്ചിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷം നൽകിയ ഓർഡർ പ്രകാരം പ്രസ്തുത മാനദണ്ഡം പാലിക്കാതെ സപ്ലൈ ചെയ്ത മരുന്നുകൾ വെയർഹൗസുകൾ തിരിച്ചയക്കുകയു ണ്ടായി. എന്നാൽ പൊതു മേഖലാ സ്ഥാപനമായ കെ.എസ്.ഡി.പി.യെ സഹായിക്കുന്നതിന്റെ ഭാഗമായി 2014-15 സാമ്പത്തിക വർഷത്തെ ടെണ്ടറിന് മുമ്പ് കെ.എസ്.ഡി.പി. ഉൽപ്പാദനം പൂർത്തിയാക്കിയ മരുന്നുകളിൽ 12 മാസത്തിൽ കൂടുതൽ കാലാവധിയുള്ളതും എൻ.എ.ബി.എൽ സർട്ടിഫിക്കറ്റ് ഇല്ലാത്തതുമായ 9 ഇനം മരുന്നുകൾ കെ.എസ്.ഡി.പി. യിൽ നിന്നും വാങ്ങുവാൻ ഡയറക്ടർ ബോർഡ് അനുമതി നൽകുകയും അവ സ്വീകരിക്കുവാൻ വെയർഹൗസുകൾക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടു ണ്ട്. |
| (സി) | കെ.എസ്.ഡി.പി.യുടെ എൻ.എ.ബി.എൽ. ലാബ് പ്രവർത്തന സജ്ജമാക്കുന്നതിനും ഇൻജക്ഷൻ പ്ലാന്റിന്റെ പണി പൂർത്തീകരിക്കുന്നതിനും സർക്കാർ സാമ്പത്തിക സഹായം ചെയ്യുന്ന കാര്യം പരിഗണിക്കുമോ ; | (സി) | ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) | സർക്കാരിന് മരുന്ന് വിതരണം ചെയ്ത വകയിൽ കെ.എസ്.ഡി.പി.യ്ക്ക് എന്തു തുകയാണ് നൽകുവാനുള്ളത് ; ഈ തുക അടിയന്തിരമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ? | (ഡി) | വിവരം ശേഖരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ